# കേരള സർക്കാർ


# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൊറ്റനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.റ്റി.എ.പി.7/1296/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/11/2025
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.7/1296/2025 തീയ്യതി: 17/11/2025

# പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്കുമാർ ജി. | ഡെപ്യൂട്ടി ഡയറക്ടർ | 03-11-2025 | 13-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-11-2025 | 13-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹ്സിൻ ഫൈസൽ,, ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഉഷ സുരേന്ദ്രനാഥ് | പ്രസിഡന്റ് | 01-04-2024 | 01-02-2025 |
| ശ്രീമതി എലിസബത്ത് ഫിലിപ്പ് | പ്രസിഡന്റ് | 02-02-2025 | 18-02-2025 |
| ശ്രീമതി ഉഷ ഗോപി | പ്രസിഡന്റ് | 19-02-2025 | 31-03-2025 |
| ശ്രീ. ഷമീം എ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റംല ബീവി എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ. ഷാജി | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | 01-04-2024 | 31-03-2025 |
| ഡോ. ആത്മശ്രീ എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ശ്രീ. സജിവ് എസ്. | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ഡോ. ഷീബ എസ്.എസ്. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ആതിര വി.പി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി താര ഒ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 24-04-2024 |
| ശ്രീമതി റോസമ്മ സി,സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 25-04-2024 | 31-03-2025 |
| ശ്രീ. ബിനു കെ.ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി വിദ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പെരുമ്പട്ടി സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊറ്റനാട് സർക്കിൾ) | 01-04-2024 | 11-09-2024 |
| ശ്രീമതി സൗമ്യ എൻ.എൽ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊറ്റനാട് സർക്കിൾ) | 12-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-അക്കൗണ്ടിംഗിൽ അപാകത | 1-1-4 |
| 6 | ഗുണഭോക്തൃ വിഹിതം-നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-5 |
| 7 | നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-6 |
| 8 | റിഡംപ്ഷൻ തുക- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-8 |
| 10 | അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് ആധികാരികതയില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 22 | ലൈസൻസ് ഫീസ് വരവ് മുൻവർഷത്തേക്കാൾ കുറവ് | 1-12 |
| 23 | ഇ-ടെണ്ടർ അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറിയില്ല | 1-13 |
| 24 | ഹാർഡ് വെയർ രജിസ്റ്ററിൽ ഉപകരണങ്ങളുടെ വില രേഖപ്പെടുത്തിയില്ല | 1-14 |
| 25 | അതിദരിദ്ര വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ -തുടർ നിരീക്ഷണം ശക്തമാക്കേണ്ടതാണ് | 1-15 |
| 26 | പ്രവൃത്തി പൂർത്തീകരണശേഷം തുക നൽകുന്നതിൽ കാലതാമസം | 1-16 |
| 27 | ഫണ്ട് ലഭ്യമാക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയില്ല | 1-17 |
| 28 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-18 |
| 29 | ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-19 |
| 30 | ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല | 1-20 |
| 31 | ഖാദി ഉൽപ്പാദന കേന്ദ്രം- പുനരുജ്ജീവനം ആവശ്യമാണ് | 1-21 |
| 32 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല | 1-22 |
| 33 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല | 1-23 |
| 34 | ഫണ്ട് വിനിയോഗത്തിലെ കുറവ് - ഷോർട്ട് ഫാളിന് കാരണമാകും | 1-24 |
| 35 | ബാങ്ക് സാമ്പത്തിക പ്രതിസന്ധിയിൽ - തുക ചെലവഴിക്കാനാവുന്നില്ല | 1-25 |
| 36 | ഖരമാലിന്യ സംസ്കരണ സംവിധാനം - തുടർ നീരിക്ഷണം അനിവാര്യം | 1-26 |
| 37 | ജലജീവൻ മിഷൻ പദ്ധതി അവലോകനം | 1-27 |
| 38 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |

| ഭാഗം 4 | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 04/06/2025 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 05/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**
**17/11/2025**

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും

തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഡിമാന്റുകളും 2025 മാർച്ച് 31-നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-3 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യമാക്കുകയോ ചെയ്തിട്ടില്ല.

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-അക്കൗണ്ടിംഗിൽ അപാകത

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. വിവിധ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചതിന് 44,38,993 രൂപ ചെലവഴിച്ചപ്പോൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയത് 32,36,500 രൂപ മാത്രമാണ്. ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചതിന് ആനുപാതികമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റേണ്ടതാണ്.

### 1-1-5 ഗുണഭോക്തൃ വിഹിതം-നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ B-4: ഗുണഭോക്തൃ വിഹിതം - 2024-25 വർഷം ചെലവഴിച്ച 7,15,954 രൂപയും മുന്നിരിപ്പിൽ അവശേഷിക്കുന്ന 2,39,800 രൂപയും ബാധ്യത ഹെഡിൽ കുറവ് ചെയ്ത് റവന്യു ഹെഡിലേക്ക് മാറ്റിയിട്ടില്ല.

### 1-1-6 നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ B-4: Rural Housig- ലൈഫ് ഭവന പദ്ധതി- സംസ്ഥാന വിഹിതം നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ (എസ്.ബി.ഐ-38071611223) തുകയുമായി (ഷെഡ്യൂൾ ബി17) പൊരുത്തപ്പെടുന്നില്ല.

### 1-1-7 റിഡംപ്ഷൻ തുക- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B-15: Sundry Debtors- Receivables For Redemption: വാർഷിക കണക്ക് പ്രകാരമുള്ള തുകയും (₹44,43,476) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും (₹44,24,903) തമ്മിൽ 18,571 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-8 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

(1) ഷെഡ്യൂൾ B-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുക Advance With Implementing Agency എന്ന ഹെഡിൽ ബുക്ക് ചെയ്യേണ്ടതിന് പകരം ആസ്തിഹെഡിൽ ബുക്ക് ചെയ്തു (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല).
(2) ഷെഡ്യൂൾ I-14(A): പുള്ളോലി കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രോജക്ട് നം.315/25) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച ₹13,74,900 അഡ്വാൻസ് ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതിന് പകരം റവന്യു ഹെഡിൽ (251120101) ബുക്ക് ചെയ്തു.

### 1-1-9 അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് ആധികാരികതയില്ല

ഷെഡ്യൂൾ B-11(c): Public Well For Irrigation- അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് കൃത്യതയോ രേഖകളോ ആധികാരികതയോ ഇല്ല.

### 1-1-10 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

### 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 15.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം

അംഗീകരിച്ചു. 34,27,845 രൂപ മുന്നിരിപ്പും 18,81,04,710 രൂപ പ്രതീക്ഷിത വരവും 18,84,93,010 രൂപ പ്രതീക്ഷിത ചെലവും 30,39,545 രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

പുതുക്കിയ ബജറ്റ് 07.03.2025 തീയതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് ആകെ 20,85,67,657 രൂപയും പ്രതീക്ഷിത ചെലവ് 20,65,98,631 രൂപയും നീക്കിയിരിപ്പ് 19,69,026 രൂപയുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 97,83,808 | -- |
| വരവ് | 3,76,02,642 | 10,79,28,568 |
| ആകെ | 4,73,86,450 | 10,79,28,568 |
| ചെലവ് | 2,73,85,810 | 10,77,02,064 |
| നീക്കിയിരുപ്പ് | 2,00,00,640 | -- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായത് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 97,82,000 | 97,82,000 | 96,83,277 | -- | 98,723 |
| വികസന ഫണ്ട്-എസ്.സി.പി | -- | 38,52,000 | 38,52,000 | 35,59,499 | -- | 2,92,501 |
| വികസന ഫണ്ട്-റ്റി.എസ്.പി | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 21,30,557 | 39,08,500 | 60,39,057 | 18,96,754 | 41,42,303 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക് | 18,19,788 | 16,48,202 | 36,13,631 | 7,77,173 | 28,36,458 | -- |
| | പലിശ | 1,45,641 | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ട്രഷറി | -- | 2,25,388 | 2,25,388 | 1,61,874 | -- | 63,514 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | -- | 2,16,74,000 | 2,16,74,000 | 1,93,31,046 | -- | 23,42,954 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | -- | 71,45,000 | 71,45,000 | 46,57,266 | -- | 24,87,734 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഹെൽത്ത് ഗ്രാന്റ് - Support For Diagnostic | 7,00,559 | 3,06,103 | 10,06,662 | 74,250 | 9,32,412 | -- |
| ഹെൽത്ത് ഗ്രാന്റ് - Health & | 2,85,027 | 4,87,275 | 7,72,302 | 3,40,398 | 4,31,904 | -- |

| | | | | | | |
|---|---|---|---|---|---|---|
| Wellness Centres | | | | | | |
| ഐ.സി.ഡി.എസ്. | 7,61,487 | 14,43,059 | 22,04,546 | 12,38,683 | 9,65,863 | -- |
| ലൈഫ്-സംസ്ഥാന വിഹിതം | 4,20,000 | 18,30,000 | 22,50,000 | 5,20,000 | 1,730,000 | -- |
| സമ്പൂർണ്ണ ശുചിത്വം | 6,500 | -- | 6,500 | -- | 6,500 | -- |
| സാക്ഷരത | 2,37,745 | -- | 2,37,745 | -- | 2,37,745 | -- |
| ഹെൽത്ത് ഗ്രാന്റ്-ആയുഷ് | 2,29,985 | 5,700 | 2,35,685 | -- | 2,35,685 | -- |
| ഹെൽത്ത് ഗ്രാന്റ്-ആയുഷ് | 3,00,000 | -- | 3,00,000 | 3,00,000 | -- | |
| ശുചിത്വ മിഷൻ | 2,81,261 | -- | 2,81,261 | 2,81,261 | -- | |
| എസ്.ബി.എം. ഗ്രാമീൺ ഫണ്ട് | -- | 2,28,000 | 2,28,000 | 2,28,000 | -- | |

**<u>കുറിപ്പ്:</u>**

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-സുലേഖയിലെ ചെലവുമായി 23,171 രൂപയുടെ വ്യത്യാസമുണ്ട്. ഈ-ഗ്രാം സ്വരാജ്- ടൈഡ് ഗ്രാന്റ് ചെലവിൽ 2024-25 മാർച്ച് മാസത്തെ "ഡിഡക്ഷൻ" തുക ഉൾപ്പെടെയാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുക ഈ ഗ്രാമിൽ കുറവാണ്. കൂടാതെ ഈ ഗ്രാമിൽ മുൻ വർഷങ്ങളിലെ ഡിഡക്ഷൻ ചെലവ് ആയിട്ടുമുണ്ട്. (25407+3308-5544)

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം 12 ഗഡുക്കളിലായി 1,00,19,165 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

**<u>ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ</u>**

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി – വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 7,70,700 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 8,32,200 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4,15,089 |

## <u>1-5 പദ്ധതി അവലോകനം</u>

**<u>(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>**

| അംഗീകാരം ലഭിച്ചത് (എണ്ണം) | ആകെ അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| **255** | **13,48,47,760** | **185** | **5,31,96,344** | **70** | 72.54 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം</u>**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 1558068 | 787908 |
| വെറ്ററിനറി സർജൻ | 16 | 14 | 3156000 | 1388193 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 11 | 11 | 3735341 | 2101181 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 395605 | 374442 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 31 | 22 | 57387306 | 10039564 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18 | 17 | 4223326 | 3332937 |
| സെക്രട്ടറി | 47 | 28 | 17956092 | 8717895 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2218750 | 1211943 |
| ഹെഡ്മാസ്റ്റർ | 6 | 6 | 2163852 | 1861546 |
| അസി.എഞ്ചിനീയർ | 101 | 64 | 40918259 | 22755885 |
| അസി.സെക്രട്ടറി | 9 | 8 | 1135161 | 624850 |
| **ആകെ** | **255** | **185** | **134847760** | **53196344** |

(സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ലൈഫ് ഭവനവായ്പ തിരിച്ചടവ്-ജനറൽ, (770700), ലൈഫ് ഭവനവായ്പ തിരിച്ചടവ്-എസ്.സി.പി (415089)അങ്കണവാടി ജീവനക്കാർക്കുള്ള പ്രതിഫലം (832200) എന്നീ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതുകൂടി ചേർത്ത തുകയാണ് ആകെ അടങ്കൽ ഉൾപ്പെടുത്തിയിരിക്കുന്നത്.)

പദ്ധതിയുടെ മുന്നൊരുക്കപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം ചേർന്നത് | 14-12-2-23 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 26-12-2023 മുതൽ 29-12-23 വരെ |
| വർക്കിംഗ് ഗ്രൂപ്പ് | 5-1-2024 |
| ഭിന്നശേഷി ഗ്രാമസഭ | 5-1-2024 |
| വയോജന ഗ്രാമസഭ | 5-1-2024 |
| വികസന സെമിനാർ | 11-1-2024 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ:**

- ആവിഷ്ക്കരിച്ച 255പ്രോജക്ടുകളിൽ 185 എണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- സർക്കാരിൽനിന്ന് ലഭ്യമായ വികസനഫണ്ട് തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- കൃഷി, ക്ഷീരവികസന, മൃഗസംരക്ഷണ സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പാക്കി.
- പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല. തുക ചെലവഴിച്ചതിനു ശേഷം പ്രോജക്ട് സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾ നടത്തുന്നില്ല. ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തേണ്ടതും, ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

.ഭവന പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ആദ്യഗഡു തുകകൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിർമ്മണം പൂർത്തീകരിച്ചിട്ടില്ല.

.നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. നിരവധി കുടിവെള്ള ദ്ധതികൾക്കായി ഭൂജലവകുപ്പിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.
.ലൈഫ് ഭവനനിർമ്മാണപദ്ധതിയിലേയ്ക്ക് 144 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ആയതിൽ 69 പേർ കരാറിലേർപ്പെടുകയും, 55 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 75 ഗുണഭോക്താക്കൾ കരാറിലേർപ്പെടാൻ അവശേഷിക്കുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി മൂന്നുകോടി രൂപ പഞ്ചായത്ത് കണ്ടെത്തേണ്ടിയിരിക്കുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2024) | 3,513 | ശമ്പളവും ആനുകൂല്യങ്ങളും | 9,84,137 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 15,98,829 | പ്രിന്റിംഗ് & സ്റ്റേഷനറി | 3,510 |
| പലിശ വരവ് | 4,439 | മിഷൻ തിരിച്ചടവ് | 4,441 |
| തൊഴിലാളികൾക്കുള്ള വേതനം | 81,59,090 | തൊഴിലാളികൾക്കുള്ള വേതനം | 81,59,090 |
| മെറ്റീരിയൽ | 18,14,723 | മെറ്റീരിയൽ | 18,14,723 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 9,87,647 | പഞ്ചായത്ത് തനത് ഫണ്ട് മുൻകൂർ തിരിച്ചടവ് | 16,02,339 |
| | | നീക്കിയിരിപ്പ് (31/03/2025) | 1 |
| **ആകെ** | **1,25,68,241** | **ആകെ** | **1,25,68,241** |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1689 | 2,42,59,600 |
| വിധവാ പെൻഷൻ | 500 | 73,16,200 |
| കർഷക തൊഴിലാളി പെൻഷൻ | 59 | 8,63,200 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 144 | 21,41,400 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 24 | 3,50,400 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2025 തീയതിയിൽ 03.30 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 854 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ ഐ.എൽ ജി.എം.എസ്-ലാണ് സൂക്ഷിച്ചിട്ടുള്ളത്. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ

നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്.

ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ വിശദമായ ചർച്ചകൾ നടന്നിട്ടുള്ളതായി മിനിട്ട്സിൽ നിന്നും വ്യക്തമാകുന്നില്ല. പ്രോജക്ട് ഫയലുകളിൽ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ വരുത്തേണ്ടതുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/06/2018 മുതൽ 10/07/2018 വരെ | 2013-14 മുതൽ 2017-18 വരെ | 06-09-2018 |
| പെർഫോമൻസ് ഓഡിറ്റ് | 26/08/2021 മുതൽ 01/09/2021 വരെ | 11/2019 മുതൽ 03/2021 വരെ | 15-11-2021 |

## 1-11 വസ്തു നികുതി കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | കുടിശ്ശിക (രൂപ) |
|---|---|
| പ്രോപ്പർട്ടി ടാക്സ്- റസിഡൻഷ്യൽ- തൻവർഷം | 164927 |
| പ്രോപ്പർട്ടി ടാക്സ്- റസിഡൻഷ്യൽ- കുടിശ്ശിക | 111219 |
| പ്രോപ്പർട്ടി ടാക്സ്- നോൺ- റസിഡൻഷ്യൽ- തൻവർഷം | 58429 |
| പ്രോപ്പർട്ടി ടാക്സ്- നോൺ- റസിഡൻഷ്യൽ- കുടിശ്ശിക | 41036 |
| ആകെ | 375611 |

കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റവന്യൂ റിക്കവറി സൈറ്റിൽ നടപടികൾ ആരംഭിച്ചെങ്കിലും റവന്യൂ അധികാരികൾ പഞ്ചായത്ത് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതിന് നോട്ടീസുകൾ തിരികെ അയയ്ക്കുകയാണുണ്ടായതെന്നും വരും വർഷം കുടിശികയില്ലാതെ നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് വരവ് മുൻവർഷത്തേക്കാൾ കുറവ്

2022-23 മുതൽ 2024-25 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്ന് ലൈസൻസ്

ഫീസ് വരവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2024-25 സാമ്പത്തിക വർഷം ഗണ്യമായ കുറവ് വന്നിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **2022-23** | **2023-24** | **2024-25** |
|---|---|---|---|
| ലൈസൻസ് ഫീസ് | 78300 | 62000 | 48600 |

ഗ്രാമീണ മേഖലയായതിനാൽ മിക്കവാറും കടകൾ 100000 രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ളവയാണ്. അതിനനുസരിച്ചുള്ള ഫീസ് മാത്രമാണ് ഈടാക്കുന്നത്. ലൈസൻസിന് അപേക്ഷ നൽകിയവർ ലൈസൻസിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും കെട്ടിടത്തിന്റെ ഗണം വ്യവസായ ആവശ്യത്തിനുള്ളതല്ലാത്തതിനാൽ ലൈസൻസ് നൽകാൻ സാധിക്കാതെ വരുന്നതും 2024-25-ൽ പ്രവർത്തനം അവസാനിപ്പിച്ച കടകൾ ഉള്ളതും വരവ് കുറയുന്നതിന് കാരണമായിട്ടുണ്ട്.
2. ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 212 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് രജിസ്റ്ററിൽ 192 സ്ഥാപനങ്ങളെ ഉൾപ്പെട്ടിട്ടുള്ളു. രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

## 1-13 ഇ-ടെണ്ടർ അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറിയില്ല

ഈ-ടെണ്ടർ മുഖേനയുള്ള വരുമാനം നിക്ഷേപിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. വൃന്ദാവനം ശാഖയിൽ 03-08-2022-ൽ ആരംഭിച്ച അക്കൗണ്ടിൽ (നം. 41171446704) 31-10-2025-ൽ 2,76,458 രൂപ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫോറവിലയിനത്തിൽ 13-12-2023 മുതൽ ലഭിച്ച തുകയാണ് ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നത്. അക്കൗണ്ട് ആരംഭിച്ച് രണ്ട് വർഷമായിട്ടും ഒരു തുക പോലും അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല. കറന്റ് അക്കൗണ്ട് ആയതിനാൽ പലിശയും ലഭിക്കുന്നില്ല. അവശേഷിക്കുന്ന തുക കഴിയുന്നതും വേഗം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-14 ഹാർഡ് വെയർ രജിസ്റ്ററിൽ ഉപകരണങ്ങളുടെ വില രേഖപ്പെടുത്തിയില്ല

കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണിയ്ക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് (23/2025) നടപ്പിലാക്കിയിരുന്നു. പ്രോജക്ട് പ്രകാരം എ.എം.സി. ചാർജ്ജിനത്തിൽ 65000 രൂപ കെൽട്രോണിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 16 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ എ.എം.സി-യ്ക്കു വേണ്ടിയാണ് തുക ചെലവഴിച്ചത്. 24.12.2005-ലെ സ.ഉ.(പി.)നം.26/2005/ഐ.റ്റി.ഡി. ഉത്തരവ് പ്രകാരം കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള പോളിസി ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള എ.എം.സി. ചാർജ്ജുകൾ ചുവടെ പരാമർശിച്ചിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| ഒരു വർഷം വാറന്റിയുള്ള ഉപകരണങ്ങൾ | ഒന്നാം വർഷ എ.എം.സി.- വാങ്ങിയ വിലയുടെ 6% പരമാവധി |
| | രണ്ടാം വർഷ എ.എം.സി.- വാങ്ങിയ വിലയുടെ 7% പരമാവധി |
| | മൂന്നാം വർഷ എ.എം.സി.- വാങ്ങിയ വിലയുടെ 8% പരമാവധി |
| | പിന്നീടുള്ള എ.എം.സി.- വാങ്ങിയ വിലയുടെ 8% പരമാവധി |
| മൂന്ന് വർഷം വാറന്റിയുള്ള ഉപകരണങ്ങൾ | വാങ്ങിയ വിലയുടെ 8% പരമാവധി |

എ.എം.സി. എടുത്തിട്ടുള്ള ഉപകരണങ്ങളെല്ലാം മൂന്ന് വർഷത്തിലധികം പഴക്കമുള്ളവ ആയതിനാൽ വാങ്ങിയ വിലയുടെ 8 ശതമാനമാണ് ബാധകമായിട്ടുള്ളത്. എന്നാൽ കമ്പ്യൂട്ടർ സംബന്ധിച്ച ഹാർഡ് വെയർ രജിസ്റ്ററിൽ കമ്പ്യൂട്ടറുകൾ വാങ്ങിയപ്പോൾ അവയുടെ വില രേഖപ്പെടുത്താതിരുന്നതിനാൽ സർക്കാർ നിശ്ചയിച്ച നിരക്കിലാണോ തുക ഒടുക്കിയിട്ടുള്ളതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/13-11-25) ഹാർഡ് വെയർ രജിസ്റ്ററിൽ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ വില രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കമ്പ്യൂട്ടറുകളും,

അനുബന്ധഉപകരണങ്ങളും വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ അവയുടെ വില രേഖപ്പെടുത്തുന്നതിനും, കെൽട്രോൺ ഡിമാൻഡ് ചെയ്യുന്ന തുക സർക്കാർ നിശ്ചയിച്ച നിരക്കിലാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രം തുക ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അതിദരിദ്ര വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ -തുടർ നിരീക്ഷണം ശക്തമാക്കേണ്ടതാണ്

അതിദരിദ്ര വിഭാഗങ്ങൾക്കു മൈക്രോപ്ലാൻ പ്രോജക്ടിലൂടെ (സ്പിൽ ഓവർ 152/25)) ചുവടെ ചേർത്തിരിക്കും പ്രകാരം ഗർഭിണി കിടാരികളെയും ആടിനെയും നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവ് | നൽകിയ ഉരുക്കൾ |
|---|---|---|
| 1 | ശ്രീധരൻ, ഈട്ടിക്കൽ, പെരുംപെട്ടി | ആട്, ഗർഭിണികിടാരി |
| 2 | വൽസല കെ.പി, കോപൊയ്കയിൽ, ചുട്ടുമൺ | ഗർഭിണികിടാരി |
| 3 | തങ്കപ്പൻ, കീഴടിയിൽ, പെരുമ്പെട്ടി | ആട് |

സെന്റ്മേരീസ് ഫാം, ചേനപ്പാടി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉരുക്കളെ വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. ആടുകളെ വിതരണം നടത്തിയതിന് സ്ഥാപനത്തിന് ബിൽനം.60/2-7-2024 പ്രകാരം 8000 രൂപ നൽകിയിട്ടുണ്ട്. വെറ്ററിനറി സർജന്റെ 25/10/2025-ലെ മോണിട്ടറിംഗ് റിപ്പോർട്ടു പ്രകാരം ശ്രീധരൻ, ഈട്ടിക്കൽ, പെരുംപെട്ടി എന്നയാൾക്കു നൽകിയ ആട് മരണപ്പെട്ടുപോയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/6-11-2025) ഉരുക്കളെ വിതരണം ചെയ്ത സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം വിതരണം ചെയ്ത് 15 ദിവസത്തിനകം ഉരുക്കൾ മരണപ്പെട്ടാൽ പകരം ഉരുക്കളെ നൽകുമെന്നായിരുന്നു കരാർ വ്യവസ്ഥയെന്നും, ഉരുവിനെ ഇൻഷ്വർ ചെയ്തത് 2/2024 മുതൽ 2/2025 വരെയുള്ള കാലയളവിലേയ്ക്കായിരുന്നുവെന്നും, 25-10-2025-ൽ മോണിറ്ററിംഗ് നടത്തിയപ്പോഴാണ് ആട് മരണപ്പെട്ട വിവരം അറിയുന്നതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ആയതിനാൽ പകരം ഉരുവിനെ ലഭിക്കുന്നതിനുള്ള സാധ്യതയും, ഇൻഷുറൻസ് തുക ലഭിക്കുന്നതിനുള്ള അവസരവും നഷ്ടമായി. സമൂഹത്തിലെ ഏറ്റവും അശരണരായ അതി ദരിദ്ര വിഭാഗങ്ങൾക്ക് ഉപജീവനമാർഗ്ഗം കൈവരിക്കാൻ ആവിഷ്കരിച്ച പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതി ദരിദ്രരുടെ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ തുടർനിരീക്ഷണം ശക്തമാക്കേണ്ടതും പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-16 പ്രവൃത്തി പൂർത്തീകരണശേഷം തുക നൽകുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ ടേക്ക്-എ-ബ്രേക്ക് വയറിംഗ് അനുബന്ധ സൗകര്യം ഒരുക്കൽ – വയറിംഗ് പ്രോജക്ട് 2021-22 വർഷം ആവിഷ്കരിക്കുകയും 50000 രൂപ മതിപ്പ് ചെലവ് കണക്കാക്കി 11-2-2022-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ (11% കുറവ്) ജോർജ്ജ് വർഗീസ്, ജി-ടെക്ക് സർവ്വീസസ് എന്നയാൾക്ക് നിർവ്വഹണാനുമതി നൽകുകയും, 26-2-2022-ൽ 10/2021-22 നമ്പറായി കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ എംബുക്ക് പ്രകാരം (നം.187/22) അളവ് പരിശോധിച്ച് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 16-2-2023 മുതൽ 20-2-2023 വരെയാണ്. 2024-25 വർഷം സ്പിൽ ഓവർ പ്രോജക്ട് ആവിഷ്കരിച്ച് (നം.187/24-25) ബിൽ നം.240508520280000619718/4-9-2024 പ്രകാരമാണ് തുക (33888) നൽകിയിരിക്കുന്നത്. താരതമ്യേന ചെറിയ തുക വകകൊള്ളിച്ച പ്രോജക്ടായിരുന്നിട്ടുകൂടി പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്ത ശേഷം കരാറുകാരന് തുക നൽകുന്നതിന് 19 മാസത്തെ താമസം ഉണ്ടായിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചശേഷം അളവെടുത്ത് രണ്ടാഴ്ചക്കുള്ളിൽ കരാറുകാരന് തുക നൽകണമെന്നിരിക്കെ ആയതിൽ താമസം ഉണ്ടായതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/11-11-2025) മറുപടി ലഭ്യമാക്കിയില്ല. കരാർ വ്യവസ്ഥപ്രകാരം സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും, പ്രതിഫലം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഫണ്ട് ലഭ്യമാക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി.വി.ഹൈസ്കൂളിൽ ദ്രവമാലിന്യ സംസ്കരണപദ്ധതി (309/25) നടപ്പാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 1000000 രൂപ ശുചിത്വ മിഷൻഫണ്ട് നിർവ്വഹണ ഏജൻസിയായ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ആകെ അടങ്കൽ തുക 3000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-500000, ശുചിത്വമിഷൻ ഫണ്ട്-2500000) രൂപയാണ്. നിർവ്വഹണ ഏജൻസിയുമായുള്ള കരാർ (നം.2/2024-25,15-3-2025) പ്രകാരം പ്രോജക്ട് തുകയുടെ 50% തുക സ്ഥാപനത്തിന് നൽകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുമെന്നും, 50% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ രണ്ടാം ഗഡുവായി 30% തുകയും, പ്രവൃത്തികളുടെ നിർവ്വഹണം 100% പൂർത്തീകരിച്ചു കഴിഞ്ഞാൽ ബാക്കി മുഴുവൻ തുകയും നൽകണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രോജക്ടിന്റെ ഡി.പി.ആർ പ്രകാരം പ്രതീക്ഷിത ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് പി.എ.സി.തുക | 2225725.97 |
| സെന്റേജ് ചാർജ് (13.78%) | 306705.04 |
| ആകെ | 2532431.01 |
| ജി.എസ്.റ്റി 18% | 455837.58 |
| ആകെ | 2988268.59 |

പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് നിലവിലെ അവസ്ഥ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.16/10-11-2025), 10 ലക്ഷം രൂപ നൽകിയതിനു ശേഷം പഞ്ചായത്ത് വിഹിതത്തിന്റെ 30% തുകയായ 145000 രൂപ കൂടി അനുവദിച്ച് നൽകിയിട്ടുണ്ടെന്നും 50% തുക പൂർണ്ണമായി നൽകിയിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായും ആരംഭിച്ചില്ലെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുക അനുവദിച്ച് നൽകുന്നതിന് ശുചിത്വ മിഷന് കത്ത് നൽകിയെങ്കിലും നാളിതുവരെ തുക അനുവദിച്ച് നൽകിയിട്ടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. ഫലത്തിൽ 1145000 രൂപ നിർവ്വഹണ ഏജൻസിക്ക് നൽകി ഒൻപതുമാസങ്ങൾക്ക് ശേഷവും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ഉതകുമാറ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 19 അങ്കണവാടികൾ ഉള്ളതിൽ 12 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 6 എണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. 1 എണ്ണം വാടകരഹിതമായി പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. വാർഷിക കണക്കനുസരിച്ച് അനുപൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാക്കുന്ന കേന്ദ്ര വിഹിതത്തിൽ 965863 രൂപ അവശേഷിക്കുന്നുണ്ട്. അനുപൂരകപോഷകാഹാര വിതരണത്തിനുപയോഗിച്ച ശേഷമുള്ള തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010-ലെ 39033/ഡി.സി2/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടി നമ്പർ 109-ന് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതും, എല്ലാ വർഷവും പ്രോജക്ട് വച്ച് നടപ്പാക്കാതെയിരിക്കുന്നതുമായ അവസ്ഥയുണ്ട്. 104, 108 എന്നീ അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് തുടർവർഷം പ്രോജക്ട് വയ്ക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

## 1-19 ലൈഫ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിക്കായി മുൻ വർഷം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിലവിലും ഭവന നിർമ്മാണം പൂർത്തിയാക്കുകയോ മുഴുവൻ ആനുകൂല്യം കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | ആകെ | തീയതി |
|---|---|---|---|---|---|
| 1 | സിന്ധു സി.കെ, വീരമല, പെരുമ്പട്ടി | 02 | 40,000<br>100000<br>100000 | 240000 | 05-01-2023<br>24-02-2023<br>15-03-2023 |
| 2 | അനുപമ, ചക്കുളത്ത് തടത്തിൽ, നെടുമ്പുര | 11 | 40,000<br>160000<br>100000 | 300000 | 04-01-2023<br>25-01-2023<br>09-03-2023 |
| 3 | സരസമ്മ, കിടാരക്കുഴിയിൽ, മഠത്തുംചാൽ | 08 | 40,000<br>100000<br>60000<br>100000<br>60000 | 360000 | 25-01-2023<br>15-03-2023<br>04-05-2023<br>10-02-2024<br>03-12-2024 |
| 4 | കുഞ്ഞൂഞ്ഞ്, ഉന്നത്തോലിൽ, പെരുമ്പട്ടി | 03 | 40,000<br>100000<br>60000<br>100000 | 300000 | 21-02-2023<br>15-06-2023<br>19-06-2023<br>25-01-2024 |
| 5 | ഗ്രേസി തോമസ് D/O മറിയ മത്തായി, കിഴക്കേ മാവുങ്കൽ, പെരുമ്പട്ടി | 03 | 40000 | 40000 | 25-10-2023 |
| 6 | തങ്കമ്മ ബാബു, ഇടപ്പള്ളിൽ, പെരുമ്പട്ടി | 01 | 40,000<br>60000<br>100000<br>100000<br>40000 | 340000 | 15-05-2023<br>20-06-2023<br>06-06-2023<br>10-01-2024<br>10-10-2025 |
| 7 | കുഞ്ഞുമോൻ റ്റി.കെ, തൂങ്ങുപാല, പെരുമ്പട്ടി | 03 | 40000 | 40000 | 25-01-2024 |
| 8 | പൊടിയമ്മ ജോൺ, ഈറയ്ക്കൽ, ചാലാപ്പള്ളി | 13 | 40,000<br>160000 | 300000 | 22-05-2023<br>22-01-2025 |
| 9 | അമ്മിണി സി.കെ, നിമ്മി ഭവൻ, വെള്ളയിൽ | 11 | 40000 | 40000 | 22-05-2023 |
| 10 | അമ്മിണിക്കുട്ടി, ഈട്ടിയ്ക്കൽ, | 01 | 40,000<br>160000<br>100000<br>60000 | 360000 | 23-07-2024<br>10-10-2024<br>03-12-2024<br>18-02-2025 |
| 11 | സെന്തിൽകുമാർ, മണലേൽ, വെള്ളയിൽ | 11 | 40,000<br>160000 | 200000 | 05-01-2023<br>30-01-2023 |
| 12 | ബിന്ദുമോൾ വി.സി, വട്ടക്കാവിൽ പെരുമ്പട്ടി | 01 | 40,000 | 300000 | 30-01-2023 |

| | | | | | |
|---|---|---|---|---|---|
| | | | 100000<br>60000<br>100000 | | 26-04-2023<br>04-05-2023<br>03-12-2024 |
| 13 | വിജയമ്മ മോഹനൻ, കണികുന്നിൽ, പെരുമ്പട്ടി | 13 | 40,000<br>100000<br>60000<br>100000<br>40000 | 340000 | 15-03-2023<br>26-04-2023<br>04-05-2023<br>01-01-2024<br>04-08-2025 |
| 14 | പൊടിയൻ, കൊച്ചുപറമ്പിൽ, കൊറ്റനാട് | 8 | 40,000<br>100000 | 140000 | 15-06-2023<br>22-08-2023 |

2023-24 സാമ്പത്തിക വർഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളത്. അഡ്വാൻസായി ആദ്യഗഡു കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടേയില്ല. മറ്റുള്ളവരെല്ലാം തന്നെ ഭവന നിർമ്മാണത്തിന്റ വിവിധ ഘട്ടങ്ങളിലാണ്. ആനുകൂല്യം കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണവും ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/05-11-2025), സാമ്പത്തിക പരാധീനതയും ജീവിത സാഹര്യങ്ങളും മൂലമാണ് ഭവന നിർമ്മാണം തടസ്സപ്പെട്ട് കിടക്കുന്നതെന്നും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-20 ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് തുകയിൽ 16,000 രൂപ തിരികെ ലഭിക്കാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. നിർമ്മൽ കെ.എം, ക്ലർക്ക്-ന് നൽകിയ തുകയാണ് തിരികെ ലഭിക്കാനുള്ളത്. ശ്രീ. നിർമ്മൽ കെ.എം ചിറ്റാർ ഗ്രാമപഞ്ചായത്തിലാണ് നിലവിൽ ജോലി ചെയ്യുന്നത്. തുക തിരികെ ഈടാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/10-11-2025) മറുപടിയായി, തുക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. തുക അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഖാദി ഉൽപ്പാദന കേന്ദ്രം- പുനരുജ്ജീവനം ആവശ്യമാണ്

ഖാദി ഗ്രാമവ്യവസായ ബോർഡിന് കീഴിൽ കൊറ്റനാട് പ്രവർത്തിക്കുന്ന ഖാദി ഉൽപ്പാദന കേന്ദ്രത്തിന്റ കെട്ടിടം അറ്റകുറ്റപ്പണികൾക്കായി 2024-25 സാമ്പത്തികവർഷം 4,24,263 രൂപ ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 57/2024 (143/25-Spill Over) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | 500000 |
| ചെലവഴിച്ച തുക | 2024-25 -Rs. 424263<br>ബിൽ നം.<br>24050852017700194372/21-05-2024 |
| കരാറുകാരൻ | ജോസഫ് മാത്യു |
| എഗ്രിമെന്റ് | 19/AE/LSGD/2023-24; 27-01-2024 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് |

സർക്കാർ ഉത്തരവ് സ.ഉ. (സാധാ) 2759/2022/ത.സ്വ.ഭ.വ. തീയതി 09-11-2022-ലെ നിർദ്ദേശ പ്രകാരമാണ് പദ്ധതി ആവിഷ്കരിച്ചതും തുക ചെലവഴിച്ചിട്ടുള്ളതും. നിലവിൽ ചോർച്ചയുള്ള ഭാഗത്തെ എ.സി.ഷീറ്റ് മാറ്റി ജി.ഐ. ഷീറ്റിടുക, ടോയ്‌ലറ്റ്, സെപ്റ്റിക് ടാങ്ക് എന്നിവ സ്ഥാപിക്കുക, തറ ടൈലിടുക, ജീവനക്കാർക്ക്

വസ്ത്രം മാറുന്നതിനുള്ള പാർട്ടീഷൻ റൂം, പെയിന്റിംഗ് മുതലായ ജോലികളാണ് നിർവ്വഹിച്ചിട്ടുള്ളത്. 1984-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനത്തിൽ നിലവിൽ 10 പേർ ജോലി ചെയ്തു വരുന്നു.
അത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തിയിട്ടും കെട്ടിടത്തിന്റെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ല. അറ്റകുറ്റപ്പണികൾക്ക് ശേഷവും കെട്ടിടത്തിൽ ചോർച്ച സംഭവിക്കുന്നുണ്ട്. കെട്ടിടത്തിന്റെ സീലിംഗ് എല്ലാം ഇളകി കിടക്കുകയാണ്.

മേൽ അപാകതകളിന്മേൽ അഭിപ്രായം അറിയിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/12-11-2025) മറുപടിയായി, കെട്ടിടത്തിന്റെ പൂർണ്ണതോതിലുള്ള അറ്റകുറ്റപ്പണികൾക്ക് 15 ലക്ഷം രൂപ ആവശ്യമാണെന്നും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ കൊണ്ട് മാത്രം കെട്ടിടത്തിന്റെ പുനരുജ്ജീവനം സാധ്യമല്ലായെന്നും സർക്കാർ തലത്തിൽ ഫണ്ട് ലഭിച്ചെങ്കിൽ മാത്രമേ കെട്ടിടം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുകയുള്ളൂ എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിന്റെ പുനരുജ്ജീവനത്തിന് ഭരണ തലത്തിൽ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-22 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, ഭൂരിഭാഗം പ്രവൃത്തികളും ഇൻഷ്വർ ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ ലൈറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വെച്ചു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്തില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഈടാക്കേണ്ടതാണ്. ഇൻഷ്വർ ചെയ്യാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേരും, നമ്പരും | കരാർ തുക | കരാർ തീയതി | കരാറുകാരന്റെ പേര് | ചെലവ് തുക |
|---|---|---|---|---|---|---|
| 1 | 262 | വൃന്ദാവനം കാവുങ്കൽപ്പടി കടിയംകുന്നിൽപടി കാക്കമല മഠത്തകം കളമ്പാല റോഡ് പുനരുദ്ധാരണം വാർഡ് 7 | 244105 | 30-11-2024 | മോഹൻകുമാർ ബി. | 288045 |
| 2 | 199 | കുരിശുമുട്ടം - വെള്ളയിൽ – ചുക്കുകവല റോഡ് പുനരുദ്ധാരണം വാർഡ് 11 | 377857 | 30-03-2023 | ജോൺസൺ വി.ജെ. | 414200 |
| 3 | 153 | അമ്പലംപടി തടത്തിൽപ്പടി റോഡ് പുനരുദ്ധാരണം വാർഡ് 3 | 388432 | 21-12-2023 | മോഹൻകുമാർ ബി. | 458243 |
| 4 | 264 | വലിയകാവുങ്കൽപടി പാറപ്പുറത്ത് പടി റോഡ് പുനരുദ്ധാരണം | 398470 | 09-01-2025 | മോഹൻകുമാർ ബി. | 470196 |
| 5 | 146 | കടയ്ക്കേതിൽപ്പടി - തോപ്രത്ത്പടി - കപ്പമാംമൂട്ടിൽപ്പടി റോഡ് റീ കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണവും വാർഡ് 5-6 | 700691 | 16-11-2023 | ഫിലിപ്പ് തോമസ് | 805634 |
| 6 | 227 | പൂശനാട്ട്പടി | 309429 | 13-03-2024 | ഹരിഹരൻ എം | 294592 |

| | | | | | | |
|---|---|---|---|---|---|---|
| | | നെടുമ്പുറത്ത് തടം ഈട്ടിനിൽക്കുന്നതിൽപടി റോഡ് പുനരുദ്ധാരണം വാർഡ് 13 | | | | |
| 7 | 275 | MTLPS-GLPS – അമ്പലംപടി റോഡ് പുനരുദ്ധാരണം വാർഡ് 2 | 382020 | 04-02-2025 | മോഹൻകുമാർ ബി. | 450785 |
| 8 | 304 | വലിയകാവുങ്കൽ - പാറപ്പുറത്ത് പടി റോഡ് പുനരുദ്ധാരണം വാർഡ് 10 | 243019 | 13-03-2025 | ഹരിലാൽ എസ്. | 282308 |
| 9 | 204 | പെരുമ്പെട്ടി മാർക്കറ്റ് - കുളത്തൂർമൂഴി റോഡ് ഐറിഷ് നിർമ്മാണം രണ്ടാം ഘട്ടം വാർഡ് 2 | 249560 | 04-03-2024 | റിഞ്ചു പി.ജയിംസ് | 294481 |
| 10 | 201 | ഉള്ളംമല - മലങ്കോട്ട റോഡ് പുനരുദ്ധാരണം വാർഡ് 1 | 92365 | 15-03-2024 | ഫിലിപ്പ് തോമസ് | 108992 |
| 11 | 28 | ഉപ്പോലി ചൂരക്കയാട്ട് പടിറോഡ് പുനരുദ്ധാരണം വാർഡ് 6 | 215823 | 07-03-2025 | മോഹൻകുമാർ ബി. | 254672 |
| 12 | 302 | ചുട്ടുമൺ പീടികപടി റോഡ് പുനരുദ്ധാരണം വാർഡ് 3 | 232212 | 13-03-2025 | ഹരിലാൽ എസ്. | 271806 |
| 13 | 247 | തെന്നശ്ശേരി - കാക്കമല റോഡ് പുനരുദ്ധാരണം വാർഡ് 1 | 166458 | 15-03-2024 | ഫിലിപ്പ് തോമസ് | 196422 |
| 14 | 303 | മുക്കുഴി പൂവൻമല റോഡ് പുനരുദ്ധാരണം വാർഡ് 6 | 288833 | 13-03-2025 | ഹരിലാൽ എസ്. | 338262 |
| 15 | 209 | മേമനപ്പടി-തേറകക്കുഴി റോഡ് പുനരുദ്ധാരണം വാർഡ് 9 | 332667 | 24-02-2024 | റിഞ്ചു പി.ജയിംസ് | 392547 |
| 16 | 225 | മണ്ണിൽപ്പടി ഉപ്പോലി റോഡ് പുനരുദ്ധാരണം വാർഡ് 5 | 321138 | 29-02-2024 | ഫിലിപ്പ് തോമസ് | 378943 |
| 17 | 14 | വായിപ്പു മേപ്രത്ത് പടി ചിരട്ടോലിൽ പടി റോഡ് പുനരുദ്ധാരണം വാർഡ് 3 | 162849 | 03-01-2025 | മോഹൻകുമാർ ബി. | 192163 |
| 18 | 300 | പെരുമ്പെട്ടി മാർക്കറ്റ് കുളത്തൂർ റോഡ് – കോട്ടയം പള്ളി ഭാഗം പുനരുദ്ധാരണം വാർഡ് 2 | 141042 | 13-03-2025 | ഹരിലാൽ എസ്. | 166430 |
| 19 | 13 | തൂങ്ങുപാല ഉന്നത്തോലിൽ റോഡ് പുനരുദ്ധാരണം വാർഡ് 3 | 132865 | 30-11-2024 | മോഹൻകുമാർ ബി. | 156782 |

| | | | | | | |
|---|---|---|---|---|---|---|
| 20 | 214 | തെന്നശ്ശേരി കാക്കമല രണ്ടാം ഘട്ടം റീകോൺക്രീറ്റിംഗ് ഐറിഷ് നിർമ്മാണം | 186088 | 16-11-2024 | ആകാശ് എസ്. നായർ | 219584 |
| 21 | 213 | വൃന്ദാവനം - കാവുങ്കൽപ്പടി – കടിയംകുന്നിൽപ്പടി- കാക്കമല - മഠത്തകം – കളമ്പാല റോഡ് പുനരുദ്ധാരണം വാർഡ് 7 | 1120427 | 29-02-2024 | ഫിലിപ്പ് തോമസ് | 1321946 |
| 22 | 154 | അരയാലുങ്കൽ – അരയാലുങ്കൽതടം റോഡ് പുനരുദ്ധാരണം വാർഡ് 1 | 415160 | 24-02-2024 | ഹരിഹരൻ എം | 484303 |
| 23 | 133 | അങ്കണവാടി നം 115 മെയിന്റെനൻസ് | 169108 | 21-03-2023 | ഫിലിപ്പ് തോമസ് | 199655 |
| 24 | 144 | 107-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 147423 | 18-12-2023 | ഫിലിപ്പ് തോമസ് | 157523 |
| 25 | 269 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | 83357 | 04-02-2025 | ഹരിലാൽ എസ്. | 92049 |
| 26 | 276 | തേറകക്കുഴി ചേറ്റുതടം റോഡ്പുനരുദ്ധാരണം വാർഡ് 8 | 397167 | 04-02-2025 | ഹരിലാൽ PJ | 468658 |
| 27 | 206 | മഠത്തുംചാൽ വെള്ളയിൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 8 | 715682 | 15-03-3024 | ഫിലിപ്പ് തോമസ് | 413559 |
| 28 | 219 | വെള്ളയിൽ - കുന്നം - ചാലാപ്പള്ളി റോഡ് പുനരുദ്ധാരണം വാർഡ് 11-12 | 577560 | 30-03-2023 | ജോൺസൺ വി.ജെ | 681520 |
| 29 | 196 | ചക്കാനി നാടമലക്കുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 13 | 134660 | 05-02-2025 | ഹരിലാൽ PJ | 157294 |
| 30 | 18 | പുതുക്കുടി കരിയംപ്ലാവ് റോഡ് പുനരുദ്ധാരണം വാർഡ് 5 | 648058 | 05-02-2025 | ഹരിലാൽ PJ | 495025 |
| 31 | 210 | പാലയ്ക്കാമണ്ണിൽപ്പടി കൈമണ്ണിൽപ്പടി റോഡ് പുനരുദ്ധാരണം വാർഡ് 9 | 339996 | 24-02-2024 | ഹരിഹരൻ എം | 401195 |
| 32 | 223 | വെള്ളയിൽ - കുന്നം - ചാലാപ്പള്ളി റോഡ് പുനരുദ്ധാരണം വാർഡ് 11-12 | 1348415 | 22-02-2025 | ഹരിലാൽ PJ | 524086 |

| | | | | | | |
|---|---|---|---|---|---|---|
| 33 | 205 | അമ്പലത്തുംപടി - മുണ്ടക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 4 | 396218 | 11-12-2024 | ജോൺസൺ വി.ജെ | 296705 |
| 34 | 308 | വെള്ളയിൽ ചാലാപ്പള്ളി കുന്നം ക്ഷേത്രം റോഡ് പുനരുദ്ധാരണം വാർഡ് 12 | 182041 | 14-03-2025 | ജോൺസൺ വി.ജെ | 214810 |
| 35 | 207 | മോഡൽ അങ്കണവാടിക്ക് അനുബന്ധ സൌകര്യം ഒരുക്കൽ | 894948 | 18-12-2023 | ഫിലിപ്പ് തോമസ് | 891666 |
| 36 | 266 | എംസിഎഫ് അസുബന്ധ സൗകര്യം ഒരുക്കൽ | 138559 | 06-01-2025 | ഹരിലാൽ PJ | 163501 |
| 37 | 145 | ഗവ എൽ പി എസ്സ് ചാലാപ്പള്ളി ചുറ്റുമതിൽ നിർമ്മാണവും കിണറിന് കമ്പിവല സ്ഥാപിക്കലും | 384221 | 14-02-2024 | ഹരിലാൽ PJ | 421952 |
| 38 | 208 | ചുട്ടുമൺ - അമ്പലത്തുംകാവ് റോഡ് പുനരുദ്ധാരണം വാർഡ് 4 | 574975 | 30-03-2023 | ജോൺസൺ വി.ജെ | 678472 |

പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/12.11.2025) മറുപടിയായി, കരാറുകാർ ഇൻഷുറൻസ് എടുത്തിരുന്നതാണെന്നും രേഖകൾ ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചു. രേഖകൾ ഹാജരാക്കുന്നതിന് കരാറുകാർക്ക് 15 ദിവസം സമയം നൽകിയിട്ടുണ്ടെന്നും രേഖകൾ സമർപ്പിക്കാത്തപക്ഷം നിശ്ചിത നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന 10 പദ്ധതികൾ സ്പിൽ ഓവറായി 2024-25 തുടർന്നിരുന്നു. എന്നാൽ ഈ പദ്ധതികളിലൊന്നും തന്നെ തുക ചെലവഴിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ ആവിഷ്കരിച്ച പദ്ധതികൾ സ്പിൽ ഓവർ ആയി തുടർന്നിട്ടും പദ്ധതി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.21/11-11-2025) നൽകുകയുണ്ടായി. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | പദ്ധതിയുടെ പേര് | ഫണ്ട് വകയിരുത്തിയത് | മറുപടി |
|---|---|---|---|---|
| 1 | 198 | 114-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തില്ല. |
| 2 | 200 | തുമ്പൂർമൂഴി ബയോ | സി.എഫ്.സി., | ടെണ്ടർ, |

| | | | | |
|---|---|---|---|---|
| | | കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | കേന്ദ്രാവിഷ്കൃതം | റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടും ആരും ഓഫർ സമർപ്പിച്ചില്ല. |
| 3 | 202 | വെള്ളയിൽ - കുരിശുമുട്ടം റോഡ് പുനരുദ്ധാരണം വാർഡ് 10 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 2025-26 കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | 211 | പുള്ളോലി പട്ടികജാതി കോളനിയിൽ ദ്രഭരണസമിതിയുടെമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ | സി.എഫ്.സി. | ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തില്ല. നിലവിൽ പദ്ധതി ഉപേക്ഷിച്ചു. |
| 5 | 217 | സബ്ബ്സെന്ററുകളിൽ സോക്പിറ്റ് നിർമ്മാണം | സി.എഫ്.സി., കേന്ദ്രാവിഷ്കൃതം | 2025-26 കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | 222 | പി.എച്ച്.സി-ക്ക് ചുറ്റുമതിൽ നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 2025-26 കാലയളവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | 228 | ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് സോക്പിറ്റ് നിർമ്മാണം | സി.എഫ്.സി., കേന്ദ്രാവിഷ്കൃതം | 2025-26 കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | 231 | 111-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തില്ല. |
| 9 | 232 | പഞ്ചായത്ത് സ്റ്റേഡിയം അനുബന്ധസൗകര്യം ഒരുക്കൽ | വികസന ഫണ്ട്, തനത് ഫണ്ട് | ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ ക്ഷണിച്ചിട്ടും ആരും ഓഫർ സമർപ്പിച്ചില്ല. |

| | | | | |
|---|---|---|---|---|
| | | | | നിലവിൽ പദ്ധതി ഉപേക്ഷിച്ചു. |
| 10 | 233 | മഠത്തുംചാൽ പി.എച്ച്.സി-യിൽ സോക്പിറ്റ് നിർമ്മാണം | സി.എഫ്.സി., കേന്ദ്രാവിഷ്കൃതം | 2025-26 കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചു. |

പദ്ധതികളിൽ കെട്ടിട നിർമ്മാണം, അറ്റകുറ്റപണികൾ, ടാറിംഗ് എന്നിവയാണ് നടപ്പാക്കാതെ സ്പിൽ ഓവർ ആകുന്നത്. സമയബന്ധിതമായി പദ്ധതി നിർവ്വഹണം ആരംഭിക്കാത്തതും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നതും മൂലമാണ് പദ്ധതി നിർവഹണത്തിൽ കാലതാമസം ഉണ്ടാകുന്നത്. പദ്ധതിആസൂത്രണ/നിർവ്വഹണത്തിലെ വീഴ്ചകൾ പരിശോധിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾ ഫലപ്രദമായും ഫലപ്രാപ്തിയോടും കൂടി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഫണ്ട് വിനിയോഗത്തിലെ കുറവ് - ഷോർട്ട് ഫാളിന് കാരണമാകും

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. ഫണ്ട് വിനിയോഗം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച ആസ്തി സംരക്ഷണ ഗ്രാന്റ് നിശ്ചിത പരിധിയിൽ ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഫണ്ടിനം** | **അലോട്ട്മെന്റ്** | **ചെലവ്** | **ചെലവ് ശതമാനം** | 2025-26 വർഷം നഷ്ടമാകുന്നതുക |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 7145000 | 4657266 | 65.18 | 1058734 |

നിലവിലെ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ 1058734 രൂപ നഷ്ടപ്പെടുകയും, പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും.

പദ്ധതി ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-25 ബാങ്ക് സാമ്പത്തിക പ്രതിസന്ധിയിൽ - തുക ചെലവഴിക്കാനാവുന്നില്ല

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കൊറ്റനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (അക്കൗണ്ട് നം.2501) **2,37,745** രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാക്ഷരത അക്കൗണ്ടാണിത്. 31-03-2023 മുതൽ നിലവിലുള്ള ബാലൻസ് മാറ്റമില്ലാതെ തുടർന്നു വരികയാണ്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ബാങ്ക് അക്കൗണ്ടിന്റെ നിലവിലെ സ്ഥിതിയും നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/11-11-2025) മറുപടിയായി, ബാങ്ക് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് തുക മാറ്റമില്ലാതെ തുടരുന്നതെന്നും തുക ചെലവഴിക്കാൻ സാധിക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിനുവേണ്ടി ഭരണസമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര നടപടി ഉണ്ടാവേണ്ടതാണ്.

## 1-26 ഖരമാലിന്യ സംസ്കരണ സംവിധാനം - തുടർ നിരീക്ഷണം അനിവാര്യം

ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി നഗറുകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്ന പ്രവൃത്തിക്കായി സി.എഫ്.സി. ഗ്രാന്റിൽ നിന്നും 2024-25 വർഷം **1,20,000 രൂപ** ചെലവഴിക്കുകയുണ്ടായി.

പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പദ്ധതി | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|
| 246/25 | വെള്ളയിൽ പട്ടികജാതി നഗറിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ | 204250 | 30000 | 481, 24/02/2025 |
| 239/25 | പന്നയ്ക്ക പതാൽ പട്ടികജാതി നഗറിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ | 204250 | 30000 | 479, 24/02/2025 |
| 242/25 | പുള്ളോലി പട്ടികജാതി നഗറിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ | 358750 | 60000 | 480, 24/02/2025 |
| നിർവ്വഹണ ഏജൻസി | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRCTC) പാലക്കാട് | | | |
| റസീപ്റ്റ് നം. | 340, 339, 350/21-03-3025 | | | |
| ഫണ്ട് | സി.എഫ്.സി, ഗ്രാന്റ്-ടൈഡ് | | | |

പട്ടികജാതി നഗറുകളിൽ സ്ഥലം കുറവായതിനാൽ പോർട്ടബിൾ എയ്റോബിക് മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് റിപ്പോർട്ട്. യൂണിറ്റ് ഒന്നിന് 75,000 രൂപയായിരുന്നു പ്രോജക്ട് കോസ്റ്റ്. പ്രോജക്ട് നടപ്പാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRCTC) പാലക്കാടുമായി 25-01-2025-ൽ ധാരണാപത്രം ഒപ്പിടുകയുണ്ടായി. ധാരണാപത്രം പ്രകാരം അടങ്കൽ തുകയുടെ 20% തുക 24-02-2025-ൽ സ്ഥാപനത്തിന് കൈമാറുകയുണ്ടായി. അഡ്വാൻസ് തുക കൈപ്പറ്റി രണ്ട് മാസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് ബിൽ ലഭ്യമാക്കുമെന്നാണ് കരാർ പ്രകാരമുള്ള വ്യവസ്ഥ. ധാരണ പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പുരോഗതി വിവരം അറിയിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/05-11-2025), സൈറ്റ് എഞ്ചിനീയറുടെ അഭാവം മൂലമാണ് പ്രവൃത്തി വൈകിയതെന്നും അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ തുടർനീരിക്ഷണം ഉണ്ടാവേണ്ടതാണ്.

## 1-27 ജലജീവൻ മിഷൻ പദ്ധതി അവലോകനം

ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും വ്യക്തിഗത ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജൽ ജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

. ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.

. ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.

. ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

. ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.

. വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം

ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസിയായ കഞ്ഞിക്കുഴി, സൊസൈറ്റി ഫോർ ഓറിയന്റേഷൻ & റൂറൽ ഡെവലപ്മെന്റ് സ്ഥാപനവും തമ്മിൽ 15-11-2021-ൽ ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. 2020-21 വർഷം പദ്ധതി നടപ്പാക്കുന്നതിനായി 47.95 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടത്. ആ വർഷം 150 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനും ആകെ 3279 കുടുംബങ്ങൾക്ക് കണക്ഷൻ നൽകുന്നതിനുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്.

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. 2020-21 വർഷം ഗ്രാമപഞ്ചായത്ത് ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി 7.19 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഏകദേശം 2500 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും ടാങ്കിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റ 10-08-2020-ലെ സ.ഉ(സാധാ)4584/2020/ധന പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾ എം.എൽ.എ-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി പ്രവർത്തനങ്ങൾക്കായി കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുമുണ്ട്. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സമഗ്ര ഇടപെടൽ ആവശ്യമാണ്.

## 1-28 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബ ക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021-ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

<u>ഗ്രാമീണ മേഖല</u>

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

<u>നഗര പ്രദേശം</u>

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ.

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ, തീ.31.08.2022 നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ, തീ. 09.08.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നമ്പർ നടപടിക്രമങ്ങൾ പ്രകാരം സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

കൊറ്റനാട് ഗ്രാമപഞ്ചായത്തിന് സ്കീം-1 പ്രകാരം തുകയൊന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (KL-278) | 239235 | 697771 | 306103 | 1243109 | 116271 | 120176 | 74250 | 310697 | 932412 |
| 2 | സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(KL-281) | 111488 | 307539 | 487275 | 906302 | 12051 | 121949 | 340398 | 474398 | 431904 |
| | ആകെ | 350723 | 1005310 | 793378 | 2149411 | 128322 | 242125 | 414648 | 785095 | 1364316 |

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ കുടുംബ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 4 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒരെണ്ണം ആരോഗ്യകേന്ദ്രത്തിനോട് ചേർന്നുള്ള മെയിൻ സെന്ററാണ്. കൊറ്റനാട്, പെരുമ്പട്ടി, വെള്ളയിൽ എന്നീ 3 സബ്സെന്ററുകളാണ് മറ്റുള്ളവ.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരം**

സ്കീം 3 – ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ

വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരും, നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | 2022-23 | | | |
| 1 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ -206/23 | | 12051 | മെഡിക്കൽ ഓഫീസർ |
| 2 | സബ്സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തലും പരിശോധനാ കിറ്റ് വാങ്ങലും-207/23 | | 116271 | ” |
| | | | 128322 | |
| | 2023-24 | | | |
| 3 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 194/24 | | 97949 | ” |
| 4 | സബ്സെന്ററുകളുടെ അടിസ്ഥാന സൗകര്യമൊരുക്കലും പരിശോധനാകിറ്റ് വാങ്ങലും 195/24 | | 120176 | „ |
| 5 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 227/24 | | 24000 | |
| | | | 242125 | |
| | 2024-25 | | | |
| 5 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 270/25 | | 279000 | ” |
| 6 | ഉപകേന്ദ്രങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ271/25 | | 74250 | ” |
| 7 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 313/25 | | 61398 | |
| | | | 414648 | |

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കാണ് കൂടുതൽ തുക ലഭ്യമായതെങ്കിലും, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പരിശീലന/ബോധവൽകരണ ക്ലാസുകൾ നടത്തിയിട്ടില്ല. സ്കീം-3, സ്കീം-4 എന്നിവയ്ക്കായി ആകെ ലഭിച്ച **21.49** ലക്ഷം രൂപയിൽ 7.85 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. **13.64** ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ (എഫ്.എം.)നം.3/138/2023, തീ. 23.05.2023 നമ്പർ സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കാവുന്നതായിരുന്നു. വികസന ഫണ്ട് (ജനറൽ), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്.

ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 10 | 60500 | 60500 | ഇല്ല | -- |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | -- |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 – 31-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | -- |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 12/2024 | 2000 | 2000 | ഇല്ല | -- |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2,00,000 | പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതി (04/25) | 2,00,000 | ഇല്ല |
| ,, | 7,20,000 | ലൈഫ് ഭവന പദ്ധതി ജനറൽ (121/25) | 7,20,000 | ,, |
| ,, | 1,94,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (72/25) | 1,94,000 | ,, |
| ,, | 2,11,324 | അനുപൂരക പോഷകാഹാര വിതരണം (66/25) | 2,11,324 | ,, |
| ,, | 1,49,990 | പാലിന് സബ്സിഡി (06/25) | 1,49,990 | ,, |
| **ആകെ** | **14,75,314** | **ആകെ** | **14,75,314** | |
| ബ്ലോക്ക് പഞ്ചായത്ത് മല്ലപ്പള്ളി | 1,00,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് | 1,00,000 | ,, |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് (72/25) | | |
| ,, | 20,000 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ - ഗർഭിണികിടാരി വിതരണം (151/25 | 20,000 | ,, |
| ,, | 8,000 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ - ആട് വിതരണം (152/25) | 8,000 | ,, |
| ,, | 57,400 | വനിത കൃഷി ഗ്രൂപ്പുകൾക്ക് ധനസഹായം (314/25) | 57,400 | ,, |
| ,, | 1,26,492 | അനുപൂരക പോഷകാഹാര വിതരണം (66/25) | 1,26,492 | ,, |
| ,, | 2,50,000 | പാലിന് സബ്സിഡി (06/25) | 2,50,000 | ,, |
| ,, | 3,50,000 | അതി ദരിദ്രർക്ക് വീട് വാസയോഗ്യമാക്കൽ (274/25) | 3,50,000 | ,, |
| ,, | 4,40,000 | ലൈഫ് ഭവനപദ്ധതി ജനറൽ (164/25) | 4,40,000 | ,, |
| ,, | 4,86,000 | തൂങ്ങുപാല തടത്തേൽ ഭാഗം കുടിവെള്ള പദ്ധതി (183/25) | 4,86,000 | ,, |
| | 5,70,000 | ലൈഭ് ഭവന പദ്ധതി-പട്ടികജാതി (122/25) | 5,70,000 | ,, |
| | 8,00,000 | നെടുമ്പുര - ചക്കുളത്ത് ഭാഗം കുടിവെള്ള പദ്ധതി (186/25) | 8,00,000 | ,, |
| ,, | 9,73,500 | പുള്ളോലി കുടിവെള്ള പദ്ധതി പൂർത്തീകരണം (315/25) | 9,73,500 | ,, |
| **ആകെ** | **4,181,392** | **ആകെ** | **41,81,392** | |

## 4-3 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | പുള്ളോലി കുടിവെള്ള പദ്ധതി പൂർത്തീകരണം (315/25) | GWA | 13,74,900 | ഇല്ല |
| 2 | നെടുമ്പുര-ചക്കുളത്ത് ഭാഗം കുടിവെള്ള പദ്ധതി (186/25) | GWA | 8,00,000 | ,, |
| 3 | തൂങ്ങുപാല തടത്തേൽ ഭാഗം കുടിവെള്ള പദ്ധതി (183/25) | GWA | 6,63,000 | ,, |
| 4 | ഷീ പാഡ് പദ്ധതി (278/25) | KSWDC | 2,99,978 | ,, |
| 5 | സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ (81/25) | KSWDC | 1,53,990 | ,, |
| 6 | വൈദ്യുതി ലൈൻ | KSEB | 1,31,989 | ,, |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കലും മീറ്ററിംഗും (181/25) | | | |
| 7 | പുള്ളോലി കുടിവെള്ള പദ്ധതിക്ക് മോട്ടോർ പൈപ്പ്ലൈൻ സ്ഥാപിക്കൽ (191/25) | GWA | 3,31,680 | ,, |
| 8 | മുക്കുഴി SCV ഹൈസ്കൂളിൽ ദ്രവമാലിന്യ സംസ്കരണ പദ്ധതി (309/25) | KRWSSA | 10,00,000 | ,, |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 41,81,215 | 90,08,332 | 11,85,789 | -- | 1,20,03,758 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ്റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിയമസഭ സമിതി ശിപാർശ/ റിപ്പോർട്ട് നം./തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2016-17 2-1 | 2017-18 1.3.5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടത്തിന് പെർമ്മിറ്റും കെട്ടിട നമ്പരും അനുവദിച്ച് നൽകി. | | പഞ്ചായത്തിൽ നിന്ന് അനുവദിച്ച കെട്ടിട നമ്പർ നമ്പർ റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് പരാമർശത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. PWD റോഡിന്റെ അതിര് നിർണ്ണയിക്കുന്നതിന് 08-01-2024-ൽ പരിശോധന നടത്തുന്നതാണെന്ന് തഹസിൽദാർ മല്ലപ്പള്ളി അറിയിച്ചിട്ടുണ്ട്. |
| 2021-22 | 2022-23 | ടേക്ക്-എ-ബ്രേക്ക് | | |

| | | | | |
|---|---|---|---|---|
| 1-26 | ഭാഗം-2<br>അദ്ധ്യായം-1<br>1-10 | പദ്ധതി | | |
| 1999-2000<br>29 | 2003-04<br>3-3 | കമ്പ്യൂട്ടർ പരിശീലനം - വനിതകൾക്കുള്ള പദ്ധതി | വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുവാൻ ശുപാർശ ചെയ്തു.<br>LFAC 2016-19<br>10th Report 15/05/17<br>Para-105 | |
| 2014-15<br>2-4 | 2016-17<br>അദ്ധ്യായം-1<br>അനുബന്ധം-3 | വസ്തു നികുതി- അപാകതകൾ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | സമിതിയുടെ പരിഗണനയിൽ | |
| 2014-15<br>2-2 | 2016-17<br>അദ്ധ്യായം-2<br>അനുബന്ധം-4 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ<br>-----------------------------------<br>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | സമിതിയുടെ പരിഗണനയിൽ | |
| 2015-16<br>2-7 | 2016-17<br>അദ്ധ്യായം-2<br>അനുബന്ധം-5 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ<br>-----------------------------------<br>തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | സമിതിയുടെ പരിഗണനയിൽ | |
| 2015-16<br>2-8 | 2016-17<br>അദ്ധ്യായം-2<br>അനുബന്ധം-5 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് | സമിതിയുടെ പരിഗണനയിൽ | |
| 2015-16<br>2-9 | 2016-17<br>അദ്ധ്യായം-2<br>അനുബന്ധം-5 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | സമിതിയുടെ പരിഗണനയിൽ | |
| 2015-16<br>2-10 | 2016-17<br>അദ്ധ്യായം-2<br>അനുബന്ധം-5 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | സമിതിയുടെ പരിഗണനയിൽ | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | 3,76,02,642 |
| | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം | 107928568 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | 2,73,85,810 |
| | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം | 107702064 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5-223/2002 3.3.2003/5.6.2003 | 2, (29,30) |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012, തീ. 19.07.2012 | 2, (3-2,3-3) |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015, തീ. 01-07-2015 | 2, (3-5,3-8) |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016, തീ. 22-06-2016 | 5, (2-2,2-4,3-15,3-16,3-17) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1382/16, തീ. 03-01-2017 | 3, (2-3, 2-4, 3-7) |

| | | |
|---|---|---|
| 206-17 | കെ.എസ്.എ.പി.റ്റി.എ.പി7/1181/17, തീ. 04.11-2017 | 5, (2-1, 2-2, 2-4, 2-5, 3-5) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/1629/18, തീ. 14.1.2019 | 6, (3-1, 3-3, 3-5, 3-6, 3-8, 3-11) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി7/202/2020, തീ. 27.04.2020 | 7, ((1-14), (1-19)(1), (1-27), (1-30), (4-3), (4-7), (4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി7-824/2021 തീ. 23.12.2021 | 4, (1-12, 4-2, 4-7,4-10) |
| 2020-21 | കെ.എസ്.എ.പി.ടി.എ.പി7-825/2021 തീ.10-01-2022 | 9, (1-12, 1-14, 1-15, 1-16, 1-18, 1-20, 1-25, 4-7,4-10) |
| 2021-22 | കെ.എസ്.എ. പി. ടി.എ.പി7/224/23 തീ.27.03.2023 | 6, (1-13, 1-14, 1-20, 1-24, 1-29, 4-10) |
| 2022-23 | കെ.എസ്.എ. പി. ടി.എ.പി7/1164/23 തീ.13.12.2023 | 11 (1-14, 1-15, 1-17, 1-19, 1-20, 1-21, 1-23, 1-24, 1-26, 1-27 |
| 2023-24 | കെ.എസ്.എ. പി. ടി.എ.പി7/1149/23 തീ.03.12.2024 | 15 (1-1-6, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-23, 1-25, 1-26, 1-27, 1-28, 1-30, 1-32, 1-34) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 04-06-2025 and submitted on 05-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the KOTTANAD Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KOTTANAD Grama Panchayat as on 31-03-2025

**Date: 17/11/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

**Audit Report appended to the Audit Certificate of KOTTANAD Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. The asset value shown in the Balance sheet is not traceable to the asset register due to the unsupported design of the existing asset register.

**2.Other Observations**

1. Cash Flow Statement - The net increase in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Schedule B-18: The amount deposited in various implementing agencies for deposit works is not accurate and reliable for audit.

4. The amount equal to the assets created was not transferred to the capital contribution.
5. Beneficiary contribution - Reserve amount is not accurate.
6. Expenses have been misclassified in the Annual Accounts.
7. Schedule B-4: Rural Housing - The balance amount (20,90,000) does not match with the amount in the concerned bank account.
8. Schedule B-15: Sundry Debtors - Receivables for Redemption: There is a difference of 18,573 between the amount as per the Balance Sheet (44,43,476) and the amount as per the Bank Statement (44,24,903).
9. Entries made through journals are not authentic. Authorised vouchers or records were not maintained.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്